(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൂട്ടത്തോടെ കേരളത്തിൽ വന്ന് പൊതുസ്ഥലങ്ങളിലും മറ്റും താൽക്കാലിക ഷെഡ്ഡുകൾ സ്ഥാപിച്ച് സ്ത്രീകളേയും കുട്ടികളേയും യാചകവൃത്തിക്ക് അയയ്ക്കുന്നത് തടയാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) യാചകരെ പുനരധിവസിപ്പിക്കുന്നതിനും ഭിക്ഷാടനം അവസാനിപ്പിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും യാചകവൃത്തിക്ക് വേണ്ടി കേരളത്തിൽ വന്ന് താമസിക്കുന്നത് തടയാൻ സാമൂഹ്യക്ഷേമവകുപ്പിന് സംവിധാനങ്ങളില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പോലീസുമാണ് ഈ വിഷയം കൈകാര്യം ചെയ്യേണ്ടത്.

(സി) സംസ്ഥാന സർക്കാർ ഗ്രാൻറ് നൽകി സന്നദ്ധ സംഘടനകൾ നടത്തുന്ന നാല് യാചക മന്ദിരങ്ങൾ നിലവിലുണ്ട്.

1. ബെഗ്ഗർ ഹോം, ശ്രീചിത്രാ ഹോം, തിരുവനന്തപുരം.
2. കായിലോൺ പുവർ ഹോം, കൊല്ലം.
3. ശാന്തിഭവൻ, ബെഗ്ഗർ റിലീഫ് സെൻറർ, കോട്ടയം.
4. പൊന്നുവേൽ ആശ്രമം, തംബലക്കാട്, പൊൻകുന്നം, കോട്ടയം.

ഇവർക്ക് ഗ്രാൻറ് നൽകുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്.

പരമ്പരാഗത വ്യവസായങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്നവർക്ക് സമാശ്വാസ പദ്ധതികൾ

37 [2906] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, പി. എസ്. സുപാൽ:
,, ബിനോയ് വിശ്വം:

താഴെ കാണുന്ന പ്രദേശങ്ങൾക്ക് തൊഴിലും പുനരധിവാസവും വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ, കശുവണ്ടി, ബീഡി, കൈത്തറി, കളിമൺപാത്രം, ബാംബൂ, ഓട്, പാക്കിംഗ് കെയ്സ് തുടങ്ങിയ വിവിധ പരമ്പരാഗത വ്യവസായങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് എന്തെങ്കിലും സമാശ്വാസ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) അടച്ചുപൂട്ടിയ വ്യവസായങ്ങളിലേയും മറ്റ് തൊഴിൽ സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് പ്രതിമാസം ഒരു നിശ്ചിത തുക ആശ്വാസമായി നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കയർ, കശുവണ്ടി, കൈത്തറി, ഈറ തുടങ്ങിയ പരമ്പരാഗത തൊഴിൽമേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് പ്രത്യേകമായി സമാശ്വാസ പദ്ധതി തൊഴിൽവകുപ്പ് ആവിഷ്കരിച്ചിട്ടില്ല. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

പരമ്പരാഗത വ്യവസായ മേഖലയായ കയർ, കശുവണ്ടി എന്നീ തൊഴിൽ മേഖലകളിൽ ചില നവീകരണ പരിപാടികൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ രൂപം നൽകിയിട്ടുണ്ട്. ഇത് പ്രകാരം കയർ വ്യവസായത്തിന്റെ ഇന്നത്തെ അവസ്ഥ കേന്ദ്ര ഗവൺമെന്റിന്റെ പൊതുമിനിമം പരിപാടിയിൽ ഉൾപ്പെടുത്തി കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾക്ക് സഹായം ചെയ്തുതരണമെന്ന് കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കയർ വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രശ്നം അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യമാണ്. ഇതിനായി കുടുംബശ്രീ യൂണിറ്റുകൾ വഴി വ്യാപകമായി തൊണ്ടുശേഖരിക്കുവാനും ജില്ലാപഞ്ചായത്തുകളുടെ ധനസഹായത്തോടെ കയർബോർഡ് അടിസ്ഥാന സൗകര്യങ്ങൾ നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ക്രിയാത്മക നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കയർ വികസന ഡയറക്ടർ കൺവീനറായി സർക്കാർ നിയമിച്ച കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങളിൻമേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 4-2-2005-ന് ചേർന്ന ഉന്നതതല യോഗം സുപ്രധാനമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ ഇപ്പോൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇല്ല. എന്നാൽ അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 1000 രൂപ വീതവും പ്രതിസന്ധിയിലായ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 500 രൂപ വീതവും ഓണക്കാലത്ത് ഫെസ്റ്റിവൽ/എക്സ്ഗ്രേഷ്യാ അലവൻസ് ആയി നൽകുന്നുണ്ട്.

തൊഴിൽവകുപ്പ് നടപ്പിലാക്കുന്ന സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം

38 [2907] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത്; ഇതിന്റെ ലക്ഷ്യങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സിസ്റ്റത്തിലൂടെ എത്ര പേർക്ക് ഇതിനകം ഗുണം ലഭ്യമായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതിയ തൊഴിൽ നയത്തിന്റെ ഭാഗമായി തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച ജോലികൾ ലഘൂകരിക്കുകയും പരിഷ്ക്കരിക്കുകയും ചെയ്യുന്നതിനും തൊഴിലുടമയ്ക്ക് ഉണ്ടാകാവുന്ന അനാവശ്യമായ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും കേരളത്തിൽ ഇൻഫർമേഷൻ ടെക്നോളജി മേഖലയിലും മറ്റും കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനുമുള്ള ഉദ്ദേശത്തോടെ 8 തൊഴിൽ നിയമങ്ങൾക്കായി ഇൻഫർമേഷൻ ടെക്നോളജിയിലും സ്പെഷ്യൽ ഇക്കണോമിക് സോണിലും സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വ്യവസായ സ്ഥാപനങ്ങൾക്കാണ് ഇതുമൂലം പ്രയോജനം ലഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly